LIBRARY ARCHIVES Kerala Legislative Assembly

ആംഡ് പോലീസ് ബറ്റാലിയനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ

169 (3801) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആംഡ് പോലീസ് ബറ്റാലിയനുകളിൽ എത്ര സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് ബറ്റാലിയൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകിയവർക്ക് നിയമനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളൊന്നുമില്ല.

(ബി) ബാധകമല്ല.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾക്ക് നിയമന ശുപാർശ ലഭിച്ചവർക്ക് നിയമനം നൽകുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ തസ്തികകൾ

170 (3802) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരള പോലീസ് ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ എത്ര തസ്തികകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ ;

(ബി) ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിന് കൊല്ലം, തൃശ്ശൂർ ജില്ലകൾ കേന്ദ്രീകരിച്ച് മറ്റ് ജില്ലകളിലേതുപോലെ ടെലി കമ്മ്യൂണിക്കേഷൻ സേനാംഗങ്ങളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;